# സന്താനപരിപാലനം

## വിശ്വാസ കാര്യങ്ങൾ

ഗ്രന്ഥകർത്താവ്: മുഹമ്മദ്ബ്നു ജമീൽ സൈനു
ഗ്രന്ഥം: كيف نربي أولادنا وما هو واجب الآباء والأبناء
വിവർത്തനം: സയ്യിദ് സഅ്ഫർ സ്വാദിഖ്

നബി(ﷺ) അരുൾ ചെയ്യുന്നു: വിശ്വാസം എന്ന് പറഞ്ഞാൽ:

1- أنْ تؤمن بالله

"നീ അല്ലാഹുവിൽ വിശ്വസിക്കുക"

(ആരാധനയിലും, നാമ-ഗുണവിശേഷണങ്ങളിലും, സത്തയിലുമുള്ള അല്ലാഹുവിൻെറ ഏകത്വം അംഗീകരിക്കുക)

2- وملائكته

"അവൻെറ മലക്കുകളിൽ വിശ്വസിക്കുക"

(അല്ലാഹുവിൻെറ കൽപനകൾ നടപ്പിലാക്കുവാനായി പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അല്ലാഹുവിൻെറ സൃഷ്ടികളാണ് മലക്കുകൾ)

3- وكُتبه

"അവൻെറ വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുക"

(തൗറാത്ത്, ഇഞ്ചീൽ, സബൂർ, അവസാന വേദഗ്രന്ഥമായ ഖുർആൻ)

4- ورسله

"അവൻെറ പ്രവാചകന്മാരിലും വിശ്വസിക്കുക"

(അവരിൽ ആദ്യത്തെ റസൂൽ നൂഹും, അവസാനത്തേതും, ശ്രേഷ്ടരും മുഹമ്മദ്(ﷺ)യുമാകുന്നു)

5- والیوم الآخـ ـر

“അന്ത്യ ദിനത്തിൽ വിശ്വസിക്കുക”

(ജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്ന ദിവസത്തിൽ)

6- تؤمن بالقدر خیره وشـ ـره

“നന്മയും തിന്മയുമായ മുഴുവൻകാര്യങ്ങളും അല്ലാഹുവിൻെറ വിധി നിർണ്ണയത്തിൽ പെട്ടതാണെന്ന് വിശ്വസിക്കുക” (മുസ്ലിം)

(വിധി നന്മയായാലും, തിന്മയായാലും തൃപ്തിപ്പെടുകയും, കാരണങ്ങൾ സ്വീകരിക്കുകയും ചെയ്യുക)

ഹദീസിൽ നിന്നുള്ള പാഠങ്ങൾ

1- അല്ലാഹുവിൽ ഉള്ള വിശ്വാസം: ശാന്തിയും സമാധാനവും നിറഞ്ഞ പുനർജീവിതവും, സ്വർഗ പ്രവേശനവും സാധ്യമാക്കുന്നു.

2- മലക്കുകളിലുള്ള വിശ്വാസം: സൽകർമ്മങ്ങളിലേക്ക് നയിക്കുകയും, അവ രേഖപ്പെടുത്തുകയും ചെയ്യുന്നു.

3- വേദഗ്രന്ഥങ്ങളിലും, പ്രവാചകന്മാരിലുമുള്ള വിശ്വാസം: വിജ്ഞാനത്തിനും, പ്രവർത്തനത്തിനും, സന്മാർഗത്തിനും സഹായിക്കുന്നു.

4- അവസാന നാളിലുള്ള വിശ്വാസം: കർമ്മങ്ങൾ ചെയ്യുവാനും, സ്വയം തന്നെ ആത്മ വിചാരണ നടത്തുവാനും പ്രേരണ നൽകുന്നു.

5- ഖദ്റിലുള്ള വിശ്വാസം: നന്മയായാലും തിന്മയായാലും അല്ലാഹുവിൻെറ വിധിയിൽ വിശ്വസിക്കുവാൻ പ്രേരണ നൽകുന്നു.